# ഭരണഘടന (നൂറ്റിമൂന്നാം ഭേദഗതി) ആക്റ്റ്, 2019

ഭാരതത്തിന്റെ ഭരണഘടന വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

**ആക്റ്റ്**

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

ചുരുക്കപ്പേരും പ്രാരംഭവും

1. (1) ഈ ആക്റ്റിന് ഭരണഘടന (നൂറ്റിമൂന്നാം ഭേദഗതി) ആക്റ്റ്, 2019 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

15-ാം അനുച്ഛേദത്തിന്റെ ...

2. ഭരണഘടനയുടെ 15-ാം അനുച്ഛേദത്തിൽ, (5)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

'(6) ഈ അനുച്ഛേദത്തിലോ, 19-ാം അനുച്ഛേദം (1)-ാം ഖണ്ഡം (ഛ) ഉപഖണ്ഡത്തിലോ 29-ാം അനുച്ഛേദത്തിലെ (2)-ാം ഖണ്ഡത്തിലോ ഉള്ള യാതൊന്നും,-

(ക) (4)-ഉം (5)-ഉം ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള വിഭാഗങ്ങൾ ഒഴികെയുള്ള ഏതെങ്കിലും സാമ്പത്തികമായ ദുർബല വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിന് വേണ്ടിയുള്ള ഏതെങ്കിലും പ്രത്യേക വ്യവസ്ഥയോ; കൂടാതെ

(ഖ) (4)-ഉം (5)-ഉം ഖണ്ഡങ്ങളിൽ പരാമർച്ചിട്ടുള്ള വിഭാഗങ്ങൾ ഒഴികെയുള്ള ഏതെങ്കിലും സാമ്പത്തികമായ ദുർബല വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിന് വേണ്ടിയുള്ള ഏതെങ്കിലും പ്രത്യേക വ്യവസ്ഥ, 30-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെ, രാഷ്ട്രം ധനസഹായം നൽകുന്നതോ, ധനസഹായം നൽകാത്തതോ ആയ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള അവരുടെ പ്രവേശനത്തെ സംബന്ധിക്കുന്നിടത്തോളം, ആയത് സംവരണത്തിന്റെ സംഗതിയിൽ നിലവിലുള്ള സംവരണങ്ങൾക്ക് പുറമേയും ഓരോ വിഭാഗത്തിലേയും ആകെ സീറ്റുകളുടെ പരമാവധി പത്ത് ശതമാനത്തിന് വിധേയമായും, അത്തരം പ്രത്യേക വ്യവസ്ഥകൾ,

ഉണ്ടാക്കുന്നതിൽ നിന്നും രാഷ്ട്രത്തെ തടയുന്നതല്ല.

വിശദീകരണം.- ഈ അനുച്ഛേദത്തിന്റെയും 16-ാം അനുച്ഛേദത്തിന്റെയും ആവശ്യങ്ങൾക്കായി, "സാമ്പത്തികമായ ദുർബല വിഭാഗങ്ങൾ" എന്നത് കുടുംബവരുമാനത്തിന്റെയും പ്രതികൂല സാമ്പത്തിക സൂചകങ്ങളുടെയും അടിസ്ഥാനത്തിൽ, രാഷ്ട്രം കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.'.

16-ാം അനുച്ഛേദത്തിന്റെ ഭേദഗതി

3. ഭരണഘടനയുടെ 16-ാം അനുച്ഛേദത്തിൽ, (5)-ാം ഖണ്ഡത്തിന് ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(6) ഈ അനുച്ഛേദത്തിലെ യാതൊന്നും, നിലവിലുള്ള സംവരണത്തിന് പുറമേയും ഓരോ വിഭാഗത്തിലേയും പരമാവധി പത്ത് ശതമാനം തസ്തികകൾക്ക് വിധേയമായും, (4)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള വിഭാഗങ്ങൾ ഒഴികെ, ഏതെങ്കിലും സാമ്പത്തികമായ ദുർബല വിഭാഗങ്ങളിൽപ്പെട്ട പൗരന്മാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.".

Approved
02/03/19

S. H. CHITRA KUMARI
Addl. Law Secretary to Govt.
Law Dept., Govt. Secretariat
on OD as Chairperson
OL(L)C, Thiruvananthapuram

2/3/19

MINI BHASKAR S.
Additional Law Secretary
Law Department, Secretariat, on OD
as Member to Official Languages
(Legislative Commission)